# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **2584**

19 /12/2012 - ൽ മറുപടിയ്ക്ക്

## ആയുർവേദ ഹോളിസ്റ്റിക് സെന്ററുകൾ

| ചോദ്യം<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി) |
|---|---|
| (എ) ജീവിതശൈലീ രോഗപ്രതിരോധത്തിനും, ചികിത്സയ്ക്കുമായി ഭാരതീയ ചികിത്സാ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് | (എ) ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും ഭാരതീയ ചികിത്സാ വകുപ്പ് പല തരത്തിലുള്ള ചികിത്സാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആഹാര ക്രമീകരണം, വ്യായാമം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ബോധവൽക്കരണ ക്ലാസുകളും ചികിത്സാ പദ്ധതികളും നടത്തി വരുന്നുണ്ട്. 2013-14 പ്ലാൻ സാമ്പത്തിക വർഷം ജീവിതശൈലി രോഗമായ പ്രമേഹം നിയന്ത്രിക്കുന്നതിനും പ്രതിരോധത്തിനുമായി 20 ലക്ഷം രൂപയുള്ള "ജീവനി" എന്ന പ്രോജക്ട് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) ഇതിനായി ആയുർവേദ ഹോളിസ്റ്റിക് സെന്ററുകൾ എല്ലാ താലൂക്ക് ആയുർവേദ ആശുപത്രികളിലും ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ